കേൾക്കേണ്ട ശബ്ദം:
കീഴാറ്റൂരിൽ മണ്ണെണ്ണ ദേഹത്തൊഴിച്ച് ആത്മഹത്യാഭീഷണി മുഴക്കുന്നവരുടെ നിലവിളി കേൾക്കാത്ത ഭരണ, പ്രതിപക്ഷത്തെ കാതുകൾ കരുണ കോളേജിലെ കുട്ടികളുടെ നിലവിളി കേൾക്കുകയും അകക്കണ്ണ് ആത്മഹത്യ കാണുകയും ചെയ്തു.
ജോസഫ് സി.മാത്യു

മക്തബ്
1193 മീനം 28 | 1439 റജബ് 24

ദളിതന്റെ ഹർത്താലിനും അയിത്തം

ഉത്തരേന്ത്യയിൽ ദളിതരുടെ നേർക്ക് നടന്ന വെടിവെപ്പിന് എതിരെ ഏതാനും ദളിത് സംഘടനകൾ ആഹ്വാനം ചെയ്ത ഹർത്താൽ പരാജയപ്പെടുത്താൻ ചില കോണുകളിൽ നിന്നുണ്ടായ അത്യുൽസാഹം കേരളീയ സമൂഹത്തിൽ നിലനിൽക്കുന്ന ജാത്യാവബോധത്തിന്റെ പ്രകടനമാണ്. തീർച്ചയായും ഹർത്താലുകളോട് വിയോജിക്കുവാൻ ഏതൊരാൾക്കും അവകാശമുണ്ട്. പക്ഷെ, അത് ദളിതുകൾ ഹർത്താൽ ആചരണം നടത്തുമ്പോൾ മാത്രം ഉണരേണ്ടുന്ന ബോധമല്ല. ഹർത്താലുകൾ തന്നെ ജനാധിപത്യപരമാകണം. ഏത് വിഷയത്തിലാണോ ഹർത്താൽ നടത്തുന്നത് അതിനോട് യോജിപ്പുള്ളവർക്ക് ഹർത്താൽ ആചരിക്കാം. ഇല്ലാത്തവർക്ക് മറിച്ച് നിലപാടും എടുക്കാം. എന്നാൽ കേരളത്തിൽ പ്രമുഖ രാഷ്ട്രീയ പാർട്ടികൾ ഹർത്താലിന് ആഹ്വാനം ചെയ്താൽ അതിനോട് പൂർണ്ണമായും സഹകരിക്കുകയും അല്ലാത്തവയോട് അത്യുൽസാഹത്തോടെ വിയോജിക്കുകയും ചെയ്യുന്ന പ്രവണത ശക്തിപ്പെടുകയാണ്. അതിലൂടെ കക്ഷിരാഷ്ട്രീയ ആധിപത്യം സമൂഹത്തിൽ അരക്കിട്ട് ഉറപ്പിക്കുകയാണ്. ഹർത്താൽ ഏത് സംഘടന നടത്തുന്നുവെന്നതിന് അപ്പുറം എന്തിന് വേണ്ടിയാണ് ഹർത്താൽ എന്നതാണ് പരിഗണിക്കേണ്ടത്. അതിന് അനുസരിച്ച് യോജിച്ചും വിയോജിച്ചുമുള്ള ജനാധിപത്യ ഹർത്താലിന് വേണ്ടിയാണ് കേരളീയ സമൂഹം ശബ്ദം ഉയർത്തേണ്ടത്.

പട്ടികജാതി-വർഗ പീഡന നിരോധന നിയമം ദുർബലപ്പെടുത്താനുള്ള സുപ്രീംകോടതിയുടെ നീക്കത്തിന് എതിരെയാണ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ശക്തമായ പ്രക്ഷോഭം നടന്നത്. തുടർന്നുണ്ടായ വെടിവെപ്പിലാണ് 11 പേർ കൊല്ലപ്പെട്ടത്. യഥാർത്ഥത്തിൽ ഈ വെടിവെപ്പിന് എതിരെ ഭാരത് ബന്ദ് തന്നെ നടക്കേണ്ടതായിരുന്നു. എന്നാൽ കക്ഷി രാഷ്ട്രീയ നേതൃത്വങ്ങൾ ഈ പ്രശ്നത്തെ അവഗണിക്കുകയായിരുന്നു.

പട്ടികജാതി- വർഗ പീഡന നിരോധന നിയമം ദുർബലപ്പെടുത്താൻ നീക്കം നടക്കുന്നത് ഈ നിയമം ദുരുപയോഗം ചെയ്യുന്നുവെന്ന് ആരോപിച്ചാണ്. ഇന്ത്യയിൽ ഏത് നിയമമാണ് ദുരുപയോഗം ചെയ്യപ്പെടാത്തതായി ഉള്ളത്. രാഷ്ട്രീയ സ്വാധീനവും സാമ്പത്തിക സ്വാധീനവും ഉപയോഗപ്പെടുത്തിയാണ് നിയമങ്ങൾ ഏറെയും ദുരുപയോഗം ചെയ്യുന്നത്. ഇന്ത്യയിൽ ദുരുപയോഗം ചെയ്യുന്ന നിയമങ്ങളുടെ കണക്കെടുത്താൽ ഏറ്റവും കുറഞ്ഞ തോതിൽ ദുരുപയോഗം ചെയ്യുന്നതാണ് പട്ടികജാതി-വർഗ പീഡന നിരോധന നിയമമെന്ന് കണ്ടെത്താനാകും. അതുകൊണ്ട് നിയമത്തിന്റെ ദുരുപയോഗത്തെ കുറിച്ച് പൊതുതലത്തിൽ ചർച്ച ചെയ്യുകയും അത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് ചർച്ച ചെയ്യുകയും വേണം.

എന്താണ് ഇന്ത്യയിലെ ദളിതുകളുടെയും ആദിവാസികളുടെയും അവസ്ഥ. പോലീസ് സ്റ്റേഷനുകളിൽ പരാതികളുമായി ചെല്ലാൻ ഭയമാണ് അവർക്ക്. ഉത്തർപ്രദേശിൽ ബി.എസ്.പി അധികാരത്തിലേറിയ തോടെയാണ്. ആ സംസ്ഥാനത്തെ ദളിതുകൾ പോലീസ് സ്റ്റേഷനുകളിൽ പരാതിയുമായി കയറാനുള്ള ധൈര്യം പോലും കാണിച്ചതെന്ന പഠന റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്. അതാണ് യാഥാർത്ഥ്യം. ദളിതുകളും ആദിവാസികളും നിരന്തരം പീഡനത്തിന് ഇരയാകുമ്പോൾ വളരെ ചെറിയൊരു ശതമാനം മാത്രമാണ് പരാതി നൽകിയത്. അതിൽ തന്നെ ബഹുഭൂരിപക്ഷം പരാതികളും പോലീസ് സ്റ്റേഷനുകളിൽ സ്വീകരിക്കാറില്ല. സ്വീകരിച്ച പരാതികളിൽ തന്നെ നടപടിയുണ്ടാകാറില്ല. നടപടിയുണ്ടായ കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെടാറുള്ളത് നാമമാത്രം. ഇന്ത്യയിലെ ദളിത് പീഡനക്കേസുകളിൽ അഞ്ച് ശതമാനം മാത്രമേ ശിക്ഷിക്കപ്പെടുന്നുള്ളൂ. ബഹുഭൂരിപക്ഷം ദളിതുകൾക്കും കേസ് നടത്താനുള്ള വഴികൾ അറിയില്ല. അതിനുള്ള സാമ്പത്തിക സാഹചര്യമില്ല. ഭീഷണിക്ക് വഴങ്ങി കോടതികളിൽ കൂറുമാറേണ്ടി വരുന്നു. പ്രോസിക്യൂഷൻ പ്രതികളുടെ സ്വാധീനത്തിന് വിധേയരാകുന്നു. അങ്ങനെ ഒട്ടനവധി ഘടകങ്ങളുണ്ട് ദളിത് കേസുകൾ എങ്ങുമെത്താതെ പോകുന്നതിന്. ഈ സാഹചര്യങ്ങളൊന്നും പരിഗണിക്കാതെയാണ് പട്ടികജാതി-പട്ടികവർഗ നിരോധന നിയമം ദുരുപയോഗപ്പെടുത്തുന്നുവെന്നത് പർവതീകരിക്കുന്നത്.

ദളിത് വിഭാഗത്തിൽപ്പെട്ടവരെ ഇതര സമുദായക്കാർ വിവാഹം കഴിച്ചാൽ ദുരഭിമാന കൊല നടക്കുന്ന രാജ്യമാണ് ഇന്ത്യ. കേരളത്തിൽ പോലും അത്തരം സംഭവം അടുത്ത കാലത്തുണ്ടായല്ലോ. ദളിതൻ എന്നാൽ ജാതിഘടനക്ക് പുറത്ത് പുഴുക്കൾക്ക് സമാനമായ ജന്മമാണെന്ന മനുസ്മൃതിയുടെ ദർശനം തന്നെയാണ് ഇപ്പോഴും ഇവിടെ ആധിപത്യത്തിലിരിക്കുന്നത്. “ എന്റെ ജന്മം തന്നെയാണ് എന്റെ മരണത്തിനും കാരണമെന്ന” ഹൈദരാബാദ് സർവ്വകലാശാല വിദ്യാർത്ഥി രോഹിത് വെമൂലയുടെ ആത്മബലി കുറിപ്പ് നമ്മുടെ സമൂഹം എവിടെയാണ് നിൽക്കുന്നതെന്ന് സാക്ഷ്യപ്പെടുത്തുന്നുണ്ട്. സാമുദായിക സംവരണം അട്ടിമറിക്കാനുള്ള ശ്രമം മറ്റൊരു വശത്ത് നടക്കുന്നു. ബ്രാഹ്മണ മേധാവിത്ത ആശയ ശാസ്ത്രത്തിൽ അധിഷ്ഠിതമായ ഇന്ത്യൻ ഭരണവർഗം അതിന്റെ യാഥാർത്ഥമുഖം പ്രദർശിപ്പിച്ചു തുടങ്ങിയിരിക്കുന്നുവെന്നതാണ് ഈ സംഭവങ്ങളെല്ലാം വ്യക്തമാക്കുന്നത്.

ചെങ്ങളായി പഞ്ചായത്തോഫീസ് കെട്ടിട ശിലാസ്ഥാപനം നിർവഹിച്ച് മന്ത്രി എ. സി മൊയ്തീൻ സംസാരിക്കുന്നു

ചെങ്ങളായി പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് ശിലയിട്ടു

ശ്രീകണ്ഠപുരം: ചെങ്ങളായി ഗ്രാമപഞ്ചായത്ത് ഓഫീസ് സമുച്ചയത്തിനു വേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം മന്ത്രി എ.സി. മൊയ്തീൻ നിർവ്വഹിച്ചു.

കെ .സി .ജോസഫ് എം.എൽ.എ. അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ വി സുമേഷ്, പഞ്ചായത്ത് പ്രസിഡണ്ട് കെ. കെ രത്നകുമാരി, വൈ. പ്രസിഡണ്ട് വി.ഭാസ്കരൻ ,പി.രാഗേഷ്, പി.കെ ചിത്രലേഖ, വാർഡ് മെമ്പർ പി കെ നഫീസ, കെ പി അനിത, സി പി എം ഏരിയാ സെക്രട്ടറി എം.വേലായുധൻ, ഡി സി സി സെക്രട്ടറി കൊയ്യം ജനാർദ്ദനൻ, മുസ്ലീം ലീഗ് നേതാവ് കെ പി മൊയ്തീൻ കുഞ്ഞി ഹാജി, ഐഎൻഎൽ നേതാവ് കെ .പി അഷ്റഫ്, കെ പി സജീഷ്, കെ.സുരേന്ദ്രൻ, വി.അശോകൻ സംസാരിച്ചു.

ആധുനിക സൗകര്യങ്ങളോടുകൂടിയ ഓഫീസ് സമുച്ചയം 1.50 കോടി രൂപ ചിലവഴിച്ചാണ് നിർമ്മിക്കുന്നത്. ചെങ്ങളായി അരിമ്പ്ര റോഡിൽ നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ചുമാറ്റിയാണ് പുതിയ നിർമ്മാണം. ഒരു വർഷം കൊണ്ട് പണി പൂർത്തിയാക്കാനുള്ള ഒരുക്കത്തിലാണ് ഭരണസമിതി. പഞ്ചായത്തും അനുബന്ധ സർക്കാർ സ്ഥാപനങ്ങളും മീറ്റിങ് ഹാളുമുൾപ്പെടെ മൂന്ന് നില കെട്ടിടമാണ് ഒരുങ്ങുന്നത്.

വികസന മുന്നേറ്റങ്ങൾ തകർക്കാനുള്ള ശ്രമങ്ങൾക്കെതിരെ ജനങ്ങൾ അണിനിരക്കണം: മന്ത്രി മൊയ്തീൻ

ശ്രീകണ്ഠപുരം: കപട രാഷ്ട്രീയ വാദങ്ങൾ നടത്തി കേരളത്തിലെ വികസന മുന്നേറ്റങ്ങൾ തകർക്കുവാനുള്ള ശ്രമങ്ങൾക്കെതിരെ ജനങ്ങൾ ശക്തമായി അണിനിരക്കണമെന്ന് മന്ത്രി എ സി മൊയ്തീൻ. ശ്രീകണ്ഠപുരത്ത് സി പി എം ജാഥാ സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.വികസന കുതിപ്പിൽ എൽഡിഎഫ് സർക്കാർ മുന്നേറുകയാണ്. എന്നാൽ വികസന പ്രവർത്തനങ്ങൾ എതിർത്തിരുന്ന പാരമ്പര്യം ഉള്ള രാഷ്ട്രീയ കക്ഷിയാണ് സിപി എം എന്ന പ്രചരണത്തെ കൂട്ട് പിടിച്ചാണ് ചില കപട രാഷ്ട്രീയ വാദികൾ നാട്ടിലെ ജനങ്ങളെ സർക്കാറിനെതിരെ അണിനിരത്തുന്നത്. ജനാധിപത്യ ബദൽ സംവിധാനത്തെ തകർക്കുവാനുള്ള ശ്രമങ്ങൾക്കെതിരെ സി.പി.എമ്മിന്റെ കൂടെ ജനങ്ങൾ ഉണ്ടാകണമെന്നും അദ്ദഹം പറഞ്ഞു. ജാഥാ ലീഡർ കെ.കെ രാഗേഷ് എംപി, സി.പി.എം ജില്ല സെക്രട്ടറിയറ്റംഗങ്ങളായ എം പ്രകാശൻ, ടി കെ ഗോവിന്ദൻ, പി വി ഗോപിനാഥ്, ജില്ല കമ്മറ്റി അംഗം കെ എം ജോസഫ്, വി കെ സനോജ്,ഏരിയ സെക്രട്ടറി എം വേലായുധൻ സംസാരിച്ചു.

തളിപ്പറമ്പ നീർമറി വികസന പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തണം: ശാസ്ത്രസാഹിത്യ പരിഷത്ത്

ഇ.എ.വി. നമ്പൂതിരി

വി. മുകുന്ദൻ മാസ്റ്റർ

ഇ. മോഹനൻ

ഒഴക്രോം: തളിപ്പറമ്പ് നഗരസഭയിലെ വാർഡുകളിൽ നീർമറി വികസന പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തണമെന്ന് ശാസ്ത്രസാഹിത്യ പരിഷത്ത് തളിപ്പറമ്പ് മേഖലാ സമ്മേളനം ആവശ്യപ്പെട്ടു. തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ എം.എൽ.എയുടെ നേതൃത്വത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നീർമറി വികസന പദ്ധതി തളിപ്പറമ്പ് നഗരസഭ ഒഴികെ മണ്ഡലത്തിലെ മറ്റെല്ലാ പഞ്ചായത്തുകളിലും ആന്തൂർ നഗരസഭയിലും ത്വരിതഗതിയിൽ സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്ന് സമ്മേളനം ചൂണ്ടിക്കാട്ടി.

എസ്.എസ്. അനിൽകുമാർ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ‘ജലസുരക്ഷ, നമുക്ക് എന്ത് ചെയ്യാം’ എന്ന വിഷയത്തിൽ ടി.വി. നാരായണൻ പ്രഭാഷണം നടത്തി. പ്രതിനിധി സമ്മേളനം പ്രൊഫ. കെ. ബാലൻ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി ടി.കെ. മുരളീധരൻ റിപ്പോർട്ട് അവതരിപ്പിച്ചു. പ്രൊഫ. എൻ.കെ. ഗോവിന്ദൻ അധ്യക്ഷത വഹിച്ചു. കെ.പി. പ്രദീപ്കുമാർ സ്വാഗതം പറഞ്ഞു.

ഭാരവാഹികളായി ഇ.എ.വി. നമ്പൂതിരി (പ്രസിഡണ്ട്), ടി.കെ. മുരളീധരൻ, എ. സുകേഷ് (വൈസ് പ്രസിഡണ്ട്), വി. മുകുന്ദൻ മാസ്റ്റർ (സെക്രട്ടറി), കെ.വി. സജിൻ, സി.എസ്. പുഷ്പാംഗദൻ (ജോയിന്റ് സെക്രട്ടറി), ഇ. മോഹനൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

ഉറുവാടൻ ജന്മശതാബ്ദി ആഘോഷവും പാലക്കീൽ കുടുംബസംഗമവും 13ന്

തളിപ്പറമ്പ: സ്വാതന്ത്ര്യസമര സേനാനിയും കമ്മ്യൂണിസ്റ്റ് കർഷക പ്രസ്ഥാനത്തിന്റെ ആദ്യകാല നേതാവുമായ എൻ. ഉറുവാടന്റെ ജന്മശതാബ്ദി ആഘോഷവും പാലക്കീൽ കുടുംബ സംഗമവും 13ന് പാച്ചേനിയിൽ നടത്തുമെന്ന് സംഘാടക സമിതി അംഗങ്ങൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 13ന് വൈകുന്നേരം നാല് മണിക്ക് ജന്മശതാബ്ദി ആഘോഷം റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും. സംഘാടക സമിതി ചെയർമാൻ പി. ലക്ഷ്മണൻ അധ്യക്ഷത വഹിക്കും. ചടങ്ങിൽ ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനിയെ ആദരിക്കും. സി.പി.ഐ ജില്ലാ സെക്രട്ടറി അഡ്വ. പി. സന്തോഷ് കുമാർ അനുസ്മരണ പ്രഭാഷണം നടത്തും. പരിയാരം പഞ്ചായത്ത് പ്രസിഡണ്ട് എ. രാജേഷ്, വി.വി. കണ്ണൻ, ഇ.ടി. രാജീവൻ, പി.വി. അബ്ദുൾ ഷുക്കൂർ, പി.പി. മോഹനൻ, എം.വി. കരുണാകരൻ, ഇ.വി. ശശിധരൻ സംസാരിക്കും. രതീഷ് കുമാർ പാലക്കീൽ സ്വാഗതവും ശശീന്ദ്രൻ പാലക്കീൽ നന്ദിയും പറയും. കുടുംബ സംഗമത്തിൽ കണ്ണൂർ, തളിപ്പറമ്പ, പയ്യന്നൂർ എന്നിവിടങ്ങളിലുള്ള പാലക്കീൽ കുടുംബങ്ങൾ പങ്കെടുക്കും. വൈകുന്നേരം 6.30ന് കലാഭവൻ ജോഷ്യ നയിക്കുന്ന കോഴിക്കോട് നീലാംബരിയുടെ ഗാനമേളയും അരങ്ങേറും. ജന്മശതാബ്ദിയാഘോഷത്തിന്റെ മുന്നോടിയായി രാവിലെ 11 മണിക്ക് വനിതാ സംഗമം നടി ഭാമ ഉദ്ഘാടനം ചെയ്യും. രഞ്ജിനി പാലക്കീൽ അധ്യക്ഷത വഹിക്കും. മീനാക്ഷി ടീച്ചർ, കെ.വി. രമ, വി.ആയിഷ ടീച്ചർ, പി. സാജിത, ടി. സൗമിനി സംസാരിക്കും. വിനയ പാലക്കീൽ സ്വാഗതവും നന്ദിനി പാലക്കീൽ നന്ദിയും പറയും. തുടർന്ന് കുടുംബാംഗങ്ങളുടെ കലാപരിപാടികൾ അരങ്ങേറും.

പത്രസമ്മേളനത്തിൽ പി. ലക്ഷ്മണൻ, ശശിധരൻ പാലക്കീൽ, സുരേഷ് പാച്ചേനി, പി.പി മോഹനൻ സംബന്ധിച്ചു.

വാർഷിക ജനറൽബോഡി യോഗം

തളിപ്പറമ്പ: വരഡൂൽ നവരംഗം കലാസമിതിയുടെ വാർഷിക ജനറൽ ബോഡി യോഗം ചേർന്നു. പ്രസിഡണ്ട് പി.പി. മധുസൂതനൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ടി. നാരായണൻ സ്വാഗതം പറഞ്ഞു.

പുതിയ 15 അംഗ പ്രവർത്തക സമിതിയിൽ സി. പ്രശാന്ത് (സെക്രട്ടറി), പാലേരി പുരുഷോത്തമൻ(ജോയിന്റ് സെക്രട്ടറി), കെ.വി. ജയൻ(പ്രസിഡണ്ട്), വി.വി. രതീഷ് (വൈസ് പ്രസിഡണ്ട്), ഇ. ശ്യാംകുമാർ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

വജ്രജൂബിലി ആഘോഷ ഉദ്ഘാടനം 17ന്

മലപ്പട്ടം: ചൂളിയാട് നവോദയ ഗ്രന്ഥാലയം വജ്രജൂബിലി ആഘോഷ ഉദ്ഘാടനം 17ന് വൈകുന്നേരം 5 മണിക്ക് നടക്കും. സാഹിത്യകാരൻ ടി.പത്മനാഭൻ ഉദ്ഘാടനം ചെയ്യും. സംഘാടക സമിതി ചെയർമാൻ ഇ.ജനാർദ്ദനൻ മാസ്റ്റർ അധ്യക്ഷത വഹിക്കും . ജിതേഷ് കണ്ണപുരം സാംസ്കാരിക പ്രഭാഷണം നടത്തും. എ പ്ലസ് ഗ്രേഡ് പ്രഖ്യാപനം പി.കുഞ്ഞിക്കണ്ണൻ മാസ്റ്റർ നിർവഹിക്കും. പി.പുഷ്പജൻ, ഒ.വി.രത്നകുമാരി സംസാരിക്കും. പി.പി. ലക്ഷ്മണൻ സ്വാഗതവും കെ.മനോജൻ നന്ദിയും പറയും. രാത്രി 8 മണിക്ക് ആലത്തുപറമ്പ പി.കുമാരൻ മാസ്റ്റർ വായനശാല ആന്റ് ഗ്രന്ഥാലയം അവതരിപ്പിക്കുന്ന കിണർ ജീവിതം നാടകം അരങ്ങേറും.

പേഴ്സ് നഷ്ടപ്പെട്ടു

തളിപ്പറമ്പ: തളിപ്പറമ്പ് നഗരത്തിൽ വെച്ച് പണവും വിലപ്പെട്ട രേഖകളും അടങ്ങിയ പേഴ്സ് നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ ദയവ് ചെയ്ത് 9544672838 നമ്പറിൽ ബന്ധപ്പെടാൻ താൽപ്പര്യം.

യാത്രയയപ്പ് നൽകി

കണ്ണൂർ: ജില്ലാ സഹകരണ റബർ ആന്റ് അഗ്രികൾച്ചറൽ മാർക്കറ്റിങ്ങ് സൊസൈറ്റിയിൽ നിന്നും 35 വർഷത്തെ സേവനത്തിന് ശേഷം വിരമിക്കുന്ന സെക്രട്ടറി കെ.കെ. ബാലകൃഷ്ണന് ഭരണ സമിതിയും ജീവനക്കാരും യാത്രയയപ്പ് നൽകി.

പ്രസിഡണ്ട് കൊയ്യം ജനാർദനൻ അധ്യക്ഷത വഹിച്ചു. ജോർജ് വടകര, അഡ്വ. എസ്. മുഹമ്മദ്, കെ.കെ. ബാലകൃഷ്ണൻ, ജോസ് കൊച്ചുപറമ്പിൽ, ടി. ചന്ദ്രൻ, ഉമൈറ ആലിക്കുഞ്ഞി, എം.പി. രവീന്ദ്രൻ, കെ. ഷൗക്കത്തലി, കെ.കെ. ഗംഗാധരൻ, കെ.എം. രാജൻ സംസാരിച്ചു.

കേരള പ്രൈവറ്റ് പ്രൈമറി ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ കണ്ണൂർ ജില്ലാ കമ്മിറ്റി പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട പി.കെ. ദിവാകരൻ (മുകളിൽ), സെക്രട്ടറി പി.പി. ലേഖ (താഴെ).

നഷ്ടപ്പെട്ടു

തളിപ്പറമ്പ: ഡ്രൈവിംഗ് ലൈസൻസിന്റെ ഒറിജിനലും ഡ്യൂപ്ലിക്കറ്റും ഫോട്ടോകളും അടങ്ങിയ പേഴ്സ് നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ 9656108928 ഫോൺ നമ്പറിൽ അറിയിക്കാൻ താൽപ്പര്യം.

അനുശോചിച്ചു

മണക്കടവ്: ആദ്യകാല സി.പി.ഐ പ്രവർത്തകൻ ഇളംപുരയിടത്തിൽ ഭാസ്ക്കരന്റെ നിര്യാണത്തിൽ മണക്കടവിൽ ചേർന്ന സി.പി.ഐ യോഗം അനുശോചിച്ചു. ജെ.ആർ.രതീഷ് അധ്യക്ഷത വഹിച്ചു. കെ.പി.ജോസഫ്, ബാലകൃഷ്ണൻ മണ്ണൂർ പ്രസംഗിച്ചു. ചന്ദ്രമോഹൻ കോലത്ത് സ്വാഗതം പറഞ്ഞു.

വിവാഹിതരായി

സോജിൻ പി. വർഗീസ് -അനു

ആലക്കോട്: കൊട്ടയാട് കവലക്ക് സമീപം പുതിയേടത്ത് ജോയി- മോളി ദമ്പതികളുടെ മകൻ സോജിൻ പി. വർഗീസും കോട്ടയം പൂവന്തോട് പെരുവാച്ചിറ സെബാസ്റ്റ്യൻ- ജെസി ദമ്പതികളുടെ മകൾ അനുവും വിവാഹിതരായി.

മാപ്പിള കലാ അക്കാദമി ജില്ലാ കൺവെൻഷൻ

നാസർ മൈലാഞ്ചി

കമറുദീൻ കീച്ചേരി

കണ്ണൂർ: കേരള മാപ്പിള കലാ അക്കാദമി ജില്ലാ കൺവെൻഷൻ കണ്ണൂരിൽ നടന്നു. പ്രൊഫ. എ.പി. സുബൈർ ഉദ്ഘാടനം ചെയ്തു. ആരിഫ് കാപ്പിൽ അധ്യക്ഷത വഹിച്ചു. എ.കെ. മുസ്തഫ മുഖ്യപ്രഭാഷണം നടത്തി. റഫീഖ് കൊച്ചിപ്പള്ളി, വി.പി. ഉമ്മർ, അൽത്താഫ് മാങ്ങാടൻ, ഡോ. കെ.പി. താജുദീൻ, കമറുദീൻ കീച്ചേരി, നവാസ് കച്ചേരി, സാമുവൽ പ്രേംകുമാർ സംസാരിച്ചു. നാസർ മൈലാഞ്ചി സ്വാഗതവും ത്വാഹ മട്ടന്നൂർ നന്ദിയും പറഞ്ഞു. ഭാരവാഹികളായി എരഞ്ഞോളി മൂസ (മുഖ്യരക്ഷാധികാരി), പീർ മുഹമ്മദ്, സോമൻ കുറുവ (രക്ഷാധികാരി), നാസർ മൈലാഞ്ചി (പ്രസിഡണ്ട്), അൽത്താഫ് മാങ്ങാടൻ, നവാസ് കച്ചേരി, സാമുവൽ പ്രേംകുമാർ, ത്വാഹ മട്ടന്നൂർ (വൈസ് പ്രസിഡണ്ട്), കമറുദീൻ കീച്ചേരി (ജനറൽ സെക്രട്ടറി), നൗഫൽ മാസ്റ്റർ, ഖാലിദ് പെരിങ്ങത്തൂർ, പി. അബ്ദുൾറാസിഖ് (ജോയിന്റ് സെക്രട്ടറി), നൗഷാദ് ധർമ്മടം (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

ചരിത്ര പ്രസിദ്ധമായ
രയരോം
മഖാം
ഉറൂസ്
ടൗൺ
ഘോഷയാത്ര

രയരോം മഖാം ഉറൂസിന്റെ സമാപനത്തോടനുബന്ധിച്ച് നടന്ന ടൗൺ ഘോഷയാത്ര

രയരോം മഖാം ഉറൂസ് സമാപിച്ചു

ആലക്കോട്: അഞ്ച് ദിവസമായി നടന്നുവന്ന രയരോം മഖാം ഉറൂസ് ഭക്തി നിർഭരമായ ചടങ്ങുകളോടെ സമാപിച്ചു. സമാപനത്തോടനുബന്ധിച്ച് നിരവധി വിശ്വാസികൾ പങ്കെടുത്ത ടൗൺ ഘോഷയാത്ര നടന്നു. വി.വി. അബ്ദുള്ള, പി.പി. ബഷീർ, എം. എ. ഖലീൽ റഹ്മാൻ, പി.എം. മുഹമ്മദ് കുഞ്ഞി നേതൃത്വം നൽകി. സമാപന സംഗമത്തിൽ ഉമർ ഹുദവി പൂളപ്പാടം പ്രഭാഷണം നടത്തി. തുടർന്ന് നടന്ന കൂട്ട പ്രാർത്ഥനക്ക് മാണിയൂർ ഉസ്താദ് നേതൃത്വം നൽകി.

ഗ്രന്ഥാലയ പ്രവർത്തനോദ്ഘാടനം 13ന്

തിരുവട്ടൂർ: പുളിയൂൽ അഴീക്കോടൻ മന്ദിരത്തിൽ പി.പി.ദാമോദരൻ സ്മാരക ഗ്രന്ഥാലയത്തിന്റെ പ്രവർത്തനോദ്ഘാടനം 13ന് വൈകുന്നേരം 6 മണിക്ക് നടക്കും. പഞ്ചായത്ത് പ്രസിഡണ്ട് എ.രാജേഷ് ഉദ്ഘാടനവും ഫോട്ടോ അനാഛാദനവും നടത്തും. ലൈബ്രറി കൗൺസിൽ താലൂക്ക് സെക്രട്ടറി പി.പി.കുഞ്ഞികൃഷ്ണൻ മാസ്റ്റർ, സി.പി.എം തിരുവട്ടൂർ ലോക്കൽ സെക്രട്ടറി കെ.കെ.രാമചന്ദ്രൻ സംസാരിക്കും. രാത്രി 7.30ന് തെരുവ് നാടകം അരങ്ങേറും.

വീൽചെയർ നൽകി

തളിപ്പറമ്പ: ഗാർഡിയൻ എയ്ഞ്ചൽസിന്റെ പ്രവർത്തകൻ പി. എം.കെ.ഫൈസിയുടെ ഓർമ്മദിനം സേവന ദിനമായി ആചരിച്ചു. ഇരുകാലുകൾക്കും സ്വാധീനമില്ലാത്ത കുറ്റ്യേരിയിലെ ഷിബിന് പ്രവർത്തകർ വീൽചെയർ നൽകി. ഷിബിന്റെ സ്ഥിതി എസ്.വൈ. എസ് സാന്ത്വനം പ്രവർത്തകരാണ് ഗാർഡിയൻ എയ്ഞ്ചൽസിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. ചടങ്ങിൽ മുഹമ്മദ്റഷീദ് സഖാഫി ഏഴോം, ജാബിർ കുട്ടൻ, ശാക്കിർ ഹുമൈദി പങ്കെടുത്തു.

Guardian
In the Loving Memory Of
PODITHADAM, PAYANGD

ഗാർഡിയൻ എയ്ഞ്ചൽസിന്റെ പ്രവർത്തകർ കുറ്റ്യേരിയിലെ ഷിബിന് വീൽചെയർ കൈമാറിയപ്പോൾ

യൂത്ത് ലീഗ് തളിപ്പറമ്പ് മുനിസിപ്പൽ കമ്മിറ്റി ഷെയ്ഡ് പദ്ധതിയുടെ ഭാഗമായി നിർദ്ധന കിടപ്പ് രോഗിക്കുള്ള ഓക്സിജൻ ഉപകരണം മുസ്ലിംലീഗ് തളിപ്പറമ്പ് മണ്ഡലം ജനറൽ സെക്രട്ടറി പി. മുഹമ്മദ് ഇഖ്ബാൽ കൈമാറുന്നു.

ഖാഇദെ മില്ലത്ത് അനുസ്മരണവും ചികിത്സാ ഉപകരണ- ഭക്ഷണ കിറ്റ് കൈമാറ്റവും

തളിപ്പറമ്പ: മുസ്ലിംലീഗ് നേതാവ് ഖാഇദെ മില്ലത്ത് ഇസ്മായിൽ അനുസ്മരണവും തളിപ്പറമ്പ മുനിസിപ്പൽ മുസ്ലിം യൂത്ത് ലീഗിന്റെ ഷെയ്ഡ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് നിർദ്ധന കുടുംബത്തിനുള്ള ഭക്ഷണ കിറ്റ് വിതരണവും പാവപ്പെട്ട രോഗിക്ക് അരലക്ഷം രൂപ വില വരുന്ന ഓക്സിജൻ ചികിത്സ ഉപകരണ കൈമാറ്റവും സംഘടിപ്പിച്ചു. പ്രസിഡണ്ട് എൻ. യു. ഷഫീഖ് മാസ്റ്ററുടെ അധ്യക്ഷതയിൽ യൂത്ത് ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ട് പി.കെ. സുബൈർ ഉദ്ഘാടനം നിർവഹിച്ചു. നിർദ്ധന കുടുംബങ്ങൾക്കുള്ള ഭക്ഷണ കിറ്റ് വിതരണം മണ്ഡലം മുസ്ലിംലീഗ് പ്രസിഡണ്ട് സി.പി.വി. അബ്ദുള്ള നിർവഹിച്ചു. ഓക്സിജൻ ഉപകരണ കൈമാറ്റം മണ്ഡലം ജനറൽ സെക്രട്ടറി പി. മുഹമ്മദ് ഇഖ്ബാൽ നിർവഹിച്ചു. കൊടിയിൽ സലീം, പി.പി. മുഹമ്മദ് നിസാർ, പി.സി. നസീർ, കെ. മുഹമ്മദ് ബഷീർ, കെ.വി. ഉദൈഫ്, ഓലിയൻ ജാഫർ, സി.പി. ഖാദർ ഹാജി, പി.എം. അസീസ് ഹാജി, പി.പി. ഇസ്മായിൽ, പി. എ. ഇർഫാൻ, കെ.പി. നൗഷാദ്, റഷീദ് പുളിമ്പറമ്പ്, മുനീർ ജെൻസ്, മുസ്തഫ കുറ്റിക്കോൽ, കെ.വി. അക്മൽ, പി.എ.വി. ഷഫീഖ് സംസാരിച്ചു. മുർഷിദ് ഹുദവി മോളൂർ അനുസ്മരണ പ്രഭാഷണം നടത്തി. ഉസ്മാൻ കൊമ്മച്ചി സ്വാഗതവും അഷ്റഫ് ബപ്പു നന്ദിയും പറഞ്ഞു.